## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4842     24.07.2015--ൽ മറുപടിക്ക്

## കാൻസർ കെയർ സെന്ററുകൾ

**ചോദ്യം**

ശ്രീ. എസ്. ശർമ്മ
" സാജുപോൾ
" എ. പ്രദീപ്കുമാർ
" എ.എം. ആരിഫ്

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2013-14 ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കാൻസർ ടെർഷ്യറി കെയർ സംവിധാനമേർപ്പെടുത്തുന്നതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (എ) | 2013-14 സാമ്പത്തികവർഷം തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി ഓങ്കോളജി & ടെർഷ്യറി കെയർ പദ്ധതി പ്രകാരം എച്ച്.ഡി.ആർ. ബ്രാക്കിതെറാപ്പി സിസ്റ്റം വാങ്ങുവാനായി 175 ലക്ഷം രൂപ അനുവദിച്ചു.<br>കോഴിക്കോട് മെഡിക്കൽ കോളേജിനുവേണ്ടി സർജിക്കൽ ഓങ്കോളജി, അനസ്തേഷ്യ ഉപകരണങ്ങൾ എച്ച്.ഡി.ആർ. റേഡിയോതെറാപ്പി എന്നിവയ്ക്കായി 95 ലക്ഷം രൂപ അനുവദിച്ചു. |
| (ബി) | കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കാനായി സ്വീകരിച്ച നടപടികളും അതിനായി ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ; | (ബി) | കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് ഓരോ ആശുപത്രിയ്ക്കും 30 ലക്ഷം രൂപ (മുപ്പതു ലക്ഷം രൂപ) വീതം ആകെ 120 ലക്ഷം (നൂറ്റിയിരുപത് ലക്ഷം) രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിയ്ക്കുകയും ആയതിൻ പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 30 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായും 20 ലക്ഷം രൂപ മരുന്നിനുവേണ്ടിയും അനുവദിച്ചിട്ടുണ്ട്. കണ്ണൂർ, ആലപ്പുഴ, തൃശ്ശൂർ ജില്ലകൾക്ക് ഇതിനായി ഒരു ഡോക്ടർക്കും രണ്ട് സ്റ്റാഫ് നഴ്സുമാർക്കും വിദഗ്ധ പരിശീലനം നൽകുകയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്തു. |
| (സി) | കൊച്ചി കാൻസർ കെയർ സെന്റർ യാഥാർത്ഥ്യമാക്കാനായി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ചെയ്തെന്നും, സെന്റർ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്നും അറിയിക്കാമോ ; | (സി) | 3/02/2014-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 39/2014/ആ.കു.വ. പ്രകാരം എറണാകുളം മെഡിക്കൽ കോളേജിൽ ഒരു ക്യാൻസർ കെയർ & റിസർച്ച് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകുകയും M/s ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷനെ DPR തയ്യാറാക്കുന്നതിന് നിയോഗിക്കുകയും റീജ്യണൽ ക്യാൻസർ |

| | | | |
|---|---|---|---|
| | | | സെൻ്ററിലെ മുൻ ഡയറക്ടറായ ഡോ. വി.പി. ഗംഗാധരനെ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾ ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. സർക്കാർ ഹോസ്പിറ്റൽ സർവ്വീസസ് കൺസൾട്ടൻസി കോർപ്പറേഷനുമായി ഒരു കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ പണം കണ്ടെത്താനായിട്ടില്ല. ആയതിനാൽ ആന്വിറ്റി മോഡിൽ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കൊച്ചി കാൻസർ കെയർ ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതാണെന്ന 2015-16 ബജറ്റ് പ്രഖ്യാപനം വഴി എന്താണുദ്ദേശിക്കുന്നതെന്നും അതിന്റെ വിശദമായ രൂപരേഖയും നൽകുമോ ; ഈ സ്ഥാപനം പൂർണ്ണമായും പൊതുമേഖലയിൽതന്നെ സ്ഥാപിക്കാനാണോ ഉദ്ദേശിക്കുന്നത് ? | (ഡി) | കോൺട്രാക്ടർക്ക് അല്ലെങ്കിൽ സപ്ലൈയർക്ക് പദ്ധതി നിർവ്വഹണത്തിനായി നൽകേണ്ട തുക ഒറ്റത്തവണയായി നൽകുന്നതിനു പകരം പലതവണകളിലായി വർഷംതോറും നൽകുന്ന രീതിയാണ് ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നത് എന്ന പ്രഖ്യാപനം കൊണ്ടുദ്ദേശിക്കുന്നത്. പദ്ധതിയ്ക്കാവശ്യമായ തുകയനുസരിച്ച് ഇതിന്റെ ദൈർഘ്യം 5 മുതൽ 12 വർഷം വരെ നീണ്ടുപോകും. |

**സെക്ഷൻ ഓഫീസർ**